
# മൗസ് ക്ലിക്ക്



## ലിറ്റിൽ കൈറ്റ്സ്

രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച് എസ് മൊകേരി

# കഥകളുടെ സുൽത്താന് പ്രണാമം



വൈക്കം മുഹമ്മദ് ബഷീർ

ജനനം-1908 ജനവരി19

മരണം-1994 ജൂലൈ 5



# മുഖമൊഴി

*അക്ഷരങ്ങളിൽ നിന്നും മഷി പടർപ്പ് നഷ്ടപ്പെടുമ്പോൾ*

*അനുഭൂതിയുടെ തീവ്രത കുറഞ്ഞുപോകുമോ എന്ന പേടിയുണ്ട്*

*ലാമിനേറ്റ് ചെയ്യപ്പെടുന്ന ഫോട്ടോകൾക്ക് ദീർഘനാളത്തെ കൈ വരുന്നതുപോലെ*

*കയ്യെഴുത്തുപ്രതികൾ ഡിജിറ്റൽ ആകുമ്പോൾ*

*നവീകരിക്കപ്പെടലിന്റെ*

*കാലികപ്രസക്തി വർധിക്കുമെന്ന് ഞങ്ങൾ തിരിച്ചറിയുന്നു*

*മഷി പാത്രവും പേനയും മാത്രം മുറുകെ പിടിച്ചിരിക്കാൻ*

*ഞങ്ങളും തയ്യാറല്ല*

*ഈ ജീവാക്ഷരങ്ങൾ മൗസ് ക്ലിക്കുകളിലൂടെ*

*നിങ്ങളിൽ സ്പന്ദമാകുമ്പോൾ*

*ഞങ്ങളുടെ വർണ്ണലോകങ്ങളിലേക്ക്*

*നിങ്ങളും പിച്ചവെക്കുകയാണ്*

*കൊച്ചു വിരൽത്തുമ്പുകളാൽ.................. ഏവർക്കും സ്വാഗതം*

*എഡിറ്റർ*

# എഡിറ്റോറിയൽ ബോർഡ്

**നവജ്യോത് യു കെ**

**അനുശ്രീ അനിൽകുമാർ**

**പൂജ എ**

**പുണ്യ എ**

**ദേവക് കെ പി**

**ശാശ്വത**

**ഫസ്ജ ഫാത്തിമ**

**മയൂഖ കെ പി**

**ശ്രീ നന്ദ**

**ഷോണിമ**

**സാനിയ**

താളുകളിലൂടെ

മുഖമൊഴി....................................................................................................3
....................................................................................................4
എഡിറ്റോറിയൽ ബോർഡ്....................................................................................................4
സന്ദേശം....................................................................................................6
അക്ഷര ചൈതന്യത്തിന്റെ കാൽ നൂറ്റാണ്ട്....................................................................................................7
പുറമ്പോക്കിലെ മരങ്ങൾ....................................................................................................9
MYSTERIOUS NATURE....................................................................................................12
ജീവിതമേ....................................................................................................16
കളിപ്പാട്ടമനുഷ്യർ....................................................................................................17
വയലിന്റെ തേങ്ങൽ വൈഷ്ണ.പി.വി....................................................................................................21
നഖംവളർത്തിയപെൺകുട്ടി....................................................................................................21
രക്തസാക്ഷി....................................................................................................24
എങ്ങുപോയി....................................................................................................25
വിദൂരതയിലെ വൃദ്ധ മനസ്സ്....................................................................................................27
വേർപാട്....................................................................................................29
കവിതയും പോലീസും....................................................................................................30
THE REAL FRIENDSHIP....................................................................................................32
Scared....................................................................................................32
TREE AND BIRDS....................................................................................................33
പ്രവേശനോത്സവം കഴിഞ്ഞു....................................................................................................34
SUNRISE ON THE HILLS....................................................................................................34
എങ്ങോട്ട്....................................................................................................35
മയൂഖ....................................................................................................35

## സന്ദേശം



**രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽകൈറ്റ്സ് ക്ലബ് ഒരുക്കുന്ന '*മൗസ് ക്ലിക്ക്*' എന്ന ഈ ഡിജിറ്റൽ മാഗസിന് ആശംസകൾ നേരുന്നു. വിവരസാങ്കേതികവിദ്യയുടെ ചിറകിലേറി ഉയർന്നുപറക്കാൻ നിങ്ങൾക്ക് കഴിയട്ടെ.**

**എ കെ പ്രേമദാസൻ**
**പ്രിൻസിപ്പാൾ**



ആശംസ

ലിറ്റിൽകൈറ്റ്സ് ഒരുക്കുന്ന ഈ മാഗസിന് ആശംസകൾനേരുന്നു.സാങ്കേതികതയും ഭാവനയും ഒത്തുചേരുന്ന ഈ സൃഷടി ഒരു അധ്യയന വർഷത്തിന്റ അടയാളപ്പെടുത്തൽ കൂടിയാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു

സി.പിസുധീന്ദ്രൻ
ഹെഡ് മാസ്റ്റർ

# അക്ഷര ചൈതന്യത്തിന്റെ കാൽ നൂറ്റാണ്ട്





1993 ൽ,യശഃശരീരനായ ശ്രീ മഹീന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ രൂപീകരിച്ച വള്ള്യായി ചാരിറ്റബിൾ എഡ്യുക്കേഷൻസൊസൈറ്റിയുടെ ശ്രമഫലമാണ് രാജീവ് ഗാന്ധി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ. 1995 ജൂൺ 26 ന് മുത്താറിപ്പീടികയിലെ ഒരു വാടക കെട്ടിടത്തിലായിരുന്നു സ്കൂൾ ആരംഭിച്ചത്.1995 ൽ 55 വിദ്യാർത്ഥികളും രണ്ട് ഡിവിഷനുകളുമായി വിദ്യാലയം ആരംഭിച്ചു.ആരംഭ കാലത്ത് തന്നെ കാലത്ത് 9 മണി മുതൽ ക്ലാസ്സുകൾ ആരംഭിക്കുകയും രണ്ടാം ശനിയാഴ്ച ഒഴികെയുള്ള ശനിയാഴ്ചകളിൽ ഉച്ചവരെയും സ്കൂൾ പ്രവർത്തിച്ചു വന്നു.ആ പതിവ് കഴിഞ്ഞ 23 വർഷവും തുടരുന്നു. 1995 ൽ തുടങ്ങി തുടർന്ന വരുന്ന എല്ലാ വർഷവും സ്കൂളുകളിൽ കുട്ടികളുടെ എണ്ണവും ഡിവിഷനുകളും വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു .2012-13 ലാണ് സ്കൂളിൽ ഹയർസെക്കന്റെറി ബ്ലോക്ക് അനുവദിച്ചത്.സയൻസ്, കമ്പ്യൂട്ടർ സയൻസ്,കോമേഴ്സ് എന്നീ ബാച്ചുകളാണ് ഹയർസെക്കന്റെറി യിൽ നിലവിലുള്ളത്.ഇന്ന് ഹൈസ്കൂളിൽ 98 അദ്ധ്യാപകരുടെയും 7 അനദ്ധ്യാപകരുടെയും ,ഹയർ സെക്കന്ററിയിൽ 16 അദ്ധ്യാപകരുടെയും 2 അനദ്ധ്യാപകരുടെയും ,3900 ൽ പരം വിദ്ധ്യാർത്ഥികളുടെയും സമ്പുഷ്ടകൂട്ടായ്മ യിലേക്ക് വളർന്നത് അദ്ധ്യാപക,പി.ടി.എ,മേനേജ്മെന്റ് എന്നിവരുടെ ഗുണപരമായ ഇച്ഛാശക്തിയാലാണ്. 1995 മുതൽ 12 വർഷത്തോളം കൃഷ്ണൻ മാസ്റ്ററായിരുന്നു സ്കൂളിലെ ഹെഡ് മാസ്റ്റർ.ഇപ്പോഴത്തെ ഹെഡ് മാസ്റ്റർ സി.പി.സുധീന്ദ്രൻ ,പ്രിൻസിപ്പാൾ

എ.കെ.പ്രേമദാസൻ , സ്റ്റാഫ് സെക്രട്ടറി രാജീവ്.പി,പി.ടി.ഏ. പ്രസിഡണ്ട് സജീവൻ മാസ്റ്റർ

ഭൗതികസൗകര്യങ്ങൾ

നാലു ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്.. ഹൈസ്കൂളിന് 6 കെട്ടിടങ്ങളിലായി 70 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.മൂന്നു കമ്പ്യൂട്ടർ ലാബുകളിലുമായി ഏകദേശം അമ്പത് കമ്പ്യൂട്ടറുകളുണ്ട്. ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.നാലായിരത്തോളം പുസ്തകങ്ങളും,ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾകൊള്ളുന്ന ഒരു ലൈബ്രറി സ്കൂളിനുണ്ട്. വിവരസാങ്കേതിക വിദ്യയുടെ നൂതനവശങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കാൻഉതകുന്ന രീതിയിൽ പണിത അതിവിശാലമായ എഡ്യൂസാറ്റ് റൂം സ്കൂളിന് മുതൽക്കൂട്ടായുണ്ട്.നൂതന പരീക്ഷണങ്ങൾ നടത്താൻ ഉതകുന്ന രീതിയിലുള്ള സയൻസ് ലാബ് വിദ്യാർത്ഥികൾക്ക് ഏറെ ഗുണകരമാണ്. എല്ലാ ക്ലാസ്സുകളിലും മികച്ച ഓഡിയോ സിസ്റ്റം ഉണ്ട്, ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 50 ക്ലാസ് മുറികളിൽ പ്രൊജക്ടർ,,ലാപ്ടോപ്പ് ഇവ ലഭ്യമായിട്ടുണ്ട്.കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കാനായി സ്കൂളിന്റെ പരിസര പ്രദേശത്തേയ്ക്ക് ഏഴ് ബസ്സുകൾ സർവ്വീസ് നടത്തുന്നു.ഈ കാലത്ത് അതി നൂതനമായ ദൃശ്യ,വർണ്ണ,സംഗീത പ്രപഞ്ചം കണ്ടും കേട്ടും അനുഭവിച്ചും പരിചയിച്ച കുട്ടികൾക്ക് മുന്നിൽ അഥവാ ഹൈടെക്ക് സെൻസറി സ്റ്റിമുലേഷൻ ലഭിച്ച കുട്ടികൾക്ക് മുന്നിൽ ബ്ലാക്ക്ബോഡും,ചോക്കും മാത്രം ആയുധമാക്കി വരുന്ന അദ്ധ്യാപകർ തീർത്തും നിരായുധരാണ്.പഴയ കാലങ്ങളിൽ ഒരു മരച്ചുവട്ടിൽ മികച്ച വിദ്യാലയങ്ങളുണ്ടാക്കാനായിട്ടുണ്ടാകാം. പുതിയ കാലത്ത് മികച്ച കെട്ടിടത്തിൽ സാധാരണ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ടാകാം. എന്നാൽ നമുക്ക് വേണ്ടത് മികച്ച സൗകര്യങ്ങളോടെയുള്ള മികച്ച വിദ്യാലയങ്ങളാണ്.ഇത്തരം കാഴ്ചപ്പാടുകളോടെ എല്ലാ ക്ലാസമുറികളും സ്മാർട്ടാക്കാനുള്ള പരിശ്രമത്തിലാണ് ഇവിടുത്തെ മാനേജ് മെന്റും അദ്ധ്യാപകരും പി.ടി.എ യും.മാനേജ് മെന്റും,അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്നുള്ളൊരു മികച്ച ടീമിനു മാത്രമേ ഒരു മികച്ച വിദ്യാലയം പടുത്തുയർത്താനാകൂവെന്നത് ഇവിടെ അക്ഷരാർത്ഥത്തിൽ ശരിയാവുകയാണ്.

# പുറമ്പോക്കിലെ മരങ്ങൾ



-പ്രകാശൻ മാണിക്കോത്ത്.

അന്ന് വളരെ ചെറിയ ഒരു ഹൈസ്കൂളായിരുന്നു ഞങ്ങളുടേത്.നാന്നൂറ് കുട്ടികൾ മാത്രം.സ്കൂൾ ആരംഭിച്ചിട്ട് രണ്ടോ മൂന്നോ വർഷമേ ആയിട്ടുള്ളൂ.ഞങ്ങളധ്യാപകരായി കുറച്ചു ചെറുപ്പക്കാർ ചൊവ്വ.ബി.എസ് സെന്ററിന്റെ ഊർജം മുഴുവനും എന്റെ ഉള്ളിലുണ്ടായിരുന്നു.പാഞ്ഞു നടന്ന് എല്ലാ ക്ലാസിലും ചുമർ മാസികകളുണ്ടാക്കി.സാഹിത്യസമാജത്തിൽ ഒരുപാട് കുട്ടികളുണ്ടായിരുന്നു.പഴയ പാഠ്യ പദ്ധതിയായിരുന്നു.ശനിയാഴ്ചകളിൽ സാഹിത്യ സമാജം കൂടി.ഒരു കൈയെഴുത്ത് മാസികയുണ്ടാക്കാൻ തീരുമാനിച്ചു. കുട്ടികൾ പൂർണമായുമുണ്ടാക്കിയതായിരിക്കണം എന്ന് നിർബന്ധമുണ്ടായിരുന്നു.നല്ല പ്രതികരണമായിരുന്നു.ഒരുപാട് സൃഷ്ടികൾ കിട്ടി.കുട്ടികൾ തന്നെ വരയ്ക്കുകയും എഴുതുകയും ചെയ്തു.ഇനി അതിന്റെ പ്രകാശന കർമ്മം നിർവഹിക്കണം.ഡോ :വത്സലൻ വാതുശേരി എന്റെ പരിചയക്കാരനായിരുന്നു.അദ്ദേഹം ഒരു ബസ്സിലായിരുന്നു വന്നത്.കൈയെഴുത്ത് മാസിക ഏറ്റു വാങ്ങാൻ സ്കൂൾ ഒരു സുന്ദരിയായ പെൺകുട്ടിയെ ഏർപ്പാടാക്കിയിരുന്നു.പലപ്പോഴും അണിയറയിലായിരുന്നു എനിക്ക് സ്ഥാനം.വത്സലൻ വാതുശേരി ഓഫീസിലിരുന്ന് മാസിക വായിച്ചു. ഹെഡ്മാസ്റ്റർ അധ്യക്ഷപ്രസംഗത്തിനു ശേഷം അദ്ദേഹത്തെ പ്രകാശന കർമ്മത്തിന് ക്ഷണിച്ചു.സൂചിവീണാൽ കേൾക്കാവുന്ന നിശബ്ദതയായിരുന്നു അപ്പോൾ.അത്രമേൾ ഗ്രാമീണരും നിഷ്കളങ്കരുമായിരുന്നു കുട്ടികൾ.വത്സലൻ വാതുശേരി പ്രസംഗം തുടങ്ങി;ഈ മാസികയിൽ ഒരു കവിതയുണ്ട് വരികൾഇങ്ങനെയാണ്,

"പെണ്ണിന് കനകംകനമാണെങ്കിലും
കൊണ്ടു നടപ്പാൻ കൊതിയേറെ"

ഇതെഴുതിയ ശ്രീജിൻ സി.കെ.യെ മാസിക ഏറ്റു വാങ്ങാൻ വേദിയിലേക്ക് ക്ഷണിക്കുന്നു.

പിൻനിരയിലെവിടെയോ ഇരിക്കുന്ന കറുത്ത കുറിയ ലജ്ജാലുവായ കുട്ടി വിയർത്ത് സ്റ്റേജിൽ വന്ന് മാസിക വാങ്ങി.എങ്ങും കൈയടി പിന്നീട് പാനൂർ ഹൈസ്കൂളിൽ കൈയെഴുത്ത് മാസികയുടെ മത്സരവും പ്രദർശനവുമു ണ്ടായിരുന്നു.അക്കാലത്ത് ഞങ്ങളുടെ സ്കൂളിന് മത്സരങ്ങളിലൊന്നും സമ്മാനം കിട്ടാറുണ്ടായിരുന്നില്ല.എനിക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്നു,പക്ഷെ വടിവൊത്ത കൈയക്ഷരത്തിലും ചിത്രത്തിലും വിദഗ്ദരുണ്ടാക്കിയ മാസികകൾക്കിടയിൽ നിറപ്പകിട്ടില്ലാതെ അനാഥമാക്കി കിടക്കുകയായിരുന്നു ഞങ്ങളുടെ മാസിക.പ്രദർശിപ്പിച്ച മാസികയിൽ ഏറ്റവും മോശം

ഞങ്ങളുടേതായിരുന്നു.വല്ലാതെനൊന്തു.
ഇതോടെ പഴയകാല ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം പോലെ എന്റെ മനസ്സിലുണ്ട്.ഇന്ന് സ്കൂളൊക്കെ മാറി.മൊകേരി രാജീവ് ഗാന്ധി മെമ്മോറിയൽ ഹൈസ്കൂളിൽ രണ്ടായിരത്തി അഞ്ഞൂറിലധികം കുട്ടികൾ പഠിക്കുന്നുണ്ട്.കൂറ്റൻ ബിൽഡിങ്ങുകൾ.കലോത്സവങ്ങളിലും സാഹിത്യോത്സവങ്ങളിലും ഒരുപാട് സമ്മാനങ്ങൾ.മൂന്ന് വർഷങ്ങൾക്ക് മുമ്പ് പരിയാരം ആയുർവേദ കോളേജിൽ നിന്നു ഒരു മാഗസിൻ അയച്ചു കിട്ടി.വിലാസം കണ്ടപ്പോഴേ അവിടെ പരിചയക്കാരാരുമില്ലെന്ന് ഓർത്തതാണ്.മനോഹരമായ ലേഔട്ടിലുള്ള മേഗസിനിൽ ചെറിയ അക്ഷരത്തിൽ ഒരു കുറിപ്പ്:അക്ഷരത്തിന്റെ വഴിയിലൂടെ ആദ്യമായി നടത്തിയ ഗുരുനാഥന് ,സ്നേഹപൂർവ്വം ശ്രീജിൻ.സി.കെ .ശ്രീജിൻ എന്ന പഴയകുട്ടിതന്നെയായിരുന്നു മാഗസിന്റെ എഡിറ്ററും കോളേജിന്റെ ചെയർമാനും.എന്റെ ഓർമ്മകളിൽ കൈയെഴുത്ത് മാസിക തളിർത്തു ചെടിയാവുന്നതു പോലെ തോന്നി.ശ്രീജിൻ.സി.കെ കഴിഞ്ഞ മാസം ചോദിച്ച് ചോദിച്ച് എന്റെ വീട്ടിൽ വന്നിരുന്നു.പഴയ കുട്ടിയെ പോലെ തന്നെ,മുടികൊഴിഞ്ഞിട്ടുണ്ട്.എന്റെ വീട്ടിലെ കോലായിലിരുന്ന് അവൻ പറഞ്ഞു:പരിയാരം മെഡിക്കൽ കോളേജിൽ രണ്ട് മൂന്ന് വർഷമായി മാഗസിനില്ലായിരുന്നു. ഞങ്ങളാരംഭിച്ചു. വലിയ കവിയൊന്നുമായില്ലെങ്കിലും ഞാൻ സംഘാടകനായി അവൻ ചിരിച്ചു.അപ്പോൾ അവന്റെ കറുത്ത മുഖത്തെ കുഞ്ഞുപല്ലുകൾക്ക് നിറയെ വെളിച്ചമുണ്ടായിരുന്നു. ഞാനിപ്പോൾ പാനൂർ സബ്ജില്ലാ വിദ്യാരംഗം കൺവീനറാണ്.പുതിയ ഓരോ കൈയെഴുത്ത് മാസികയും കാണുമ്പോൾ ശ്രീജിൻ.സി.കെ.യെ ഓർക്കും.പുറം പോക്കുകളിൽ നിന്നും തല നീട്ടുന്ന കാട്ടുപൂക്കളുടെ ഗന്ധം തേടും.തീർച്ചയായും മനസ്സിൽ അൽപ്പം കവിതയുള്ള ഡോക്ടർ സ്റ്റെതസ്കോപ്പ് വെയ്ക്കുമ്പോൾ അത് തൂവൽ സ്പർശം പോലെമൃദുലമായിരിക്കും.

പ്രകാശൻ
മാണിക്കോത്ത്






Aadideva Sujith

* Practice makes perfect.

* No news is good news.

* Many hands makes light works.

* As you sow,shall you reap.

* Stop impressing others,impress yourself.

* A good relationship starts with good communication.

* No gain without pain.

* The wish is father to the thought.

* The road to hell is pared without good intentions.
* A little learning is dangerous thing.

# MYSTERIOUS NATURE

Abhiram.P



Oh! what a beauty!
How wonderful!
So many living things
including in order style.

Oh! my dear nature,
you are the parent
and all are children
that came birth by you.

Oh! how big!
What a big belly you have.
Living and non-living objects
living your lap.

Oh! My loving nature
are you very happy???
lam so sad
in the cause of your anger.



# ഊർജ്ജം സംരക്ഷിക്കാം വരും തലമുറയ്ക്കായി




പേശിബലം കാഴ്ച കേൾവി വേഗത എന്നിവയിലെല്ലാം മറ്റു പല ജീവികളും പിന്നിലായ മനുഷ്യന് ഈ പരിമിതികളെ മറികടക്കാൻ സാധിച്ചത് അവന്റെ ചിന്താശേഷി കൊണ്ടായിരുന്നു. അഗ്നിയുടെ കണ്ടുപിടിത്തമാണ് മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ നാഴികക്കല്ലായി കണക്കാക്കുന്നത്. അഗ്നിയുടെ ഉപയോഗം മനസിലാക്കിയ മനുഷ്യൻ അതിനെ വിവിധ രീതിയിൽ ഉപയോഗപ്പെടുത്താൻ തുടങ്ങി തീ കത്തിക്കുന്നതിലൂടെ ലഭിക്കുന്ന താപം, പ്രകാശം എന്നീ ഊർജ്ജ രൂപങ്ങൾക്ക് വിറക് അവർ ഇന്ധനമായി ഉപയോഗിച്ചു ഈ അറിവ് ക്രമേണ മറ്റ് ഇന്ധനങ്ങൾ തിരിച്ചറിയുന്നതിലേക്ക്, അവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലേക്കും അവനെ നയിച്ചു .

ഊർജ്ജ സ്രോതസ്സുകളെ നമുക്ക് രണ്ട് രീതിയിൽ തരംതിരിക്കാം.പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ പാരമ്പര്യേതര ഊർജസ്രോതസ്സുകൾ .കോടിക്കണക്കിന് വർഷങ്ങൾക്കുമുമ്പ് മണ്ണിനടിയിൽ വളരെ ആഴത്തിൽ അകപ്പെട്ടുപോയ ജൈവാവശിഷ്ടങ്ങളിൽ നിന്നാണ് പെട്രോളിയം ഉണ്ടാക്കുന്നത്. സസ്യങ്ങളിലെ അവശിഷ്ടങ്ങളിൽ നിന്നാണ് കൽക്കരി ഉണ്ടാക്കുന്നത്. ഇവയെ ഫോസിൽ ഇന്ധനങ്ങൾ എന്ന് പറയുന്നു. ഇത്തരം ഇന്ധനങ്ങൾ ഉപയോഗിച്ച് തീർന്നാൽ പുനസ്ഥാപിക്കാൻ കഴിയാത്തവയാണ്. ഇവയാണ് പാരമ്പര്യ ഇന്ധനങ്ങൾ സൗരോർജ്ജം കാറ്റ് തിരമാല എന്നിവ എത്ര ഉപയോഗിച്ചാലും തീർന്നു പോകാത്തവയാണ് ഇത്തരം ഊർജ്ജ സ്രോതസ്സുകളെ യാണ് പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ എന്ന് പറയുന്നത്. പാരമ്പര്യ- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളാണ് നാം പരമാവധി ഉപയോഗപെടുത്തേണ്ടത്. ഊർജ്ജ വിനിയോഗത്തിലെ പാഴ്ച്ചെലവുകൾ കണ്ടെത്തി അവ ഒഴിവാക്കാനുള്ള മനോഭാവം ഓരോരുത്തരിലും വളർന്നുവന്നാൽ മാത്രമേ ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം ഉണ്ടാവുകയുള്ളൂ. ഒട്ടുമിക്ക ആവശ്യങ്ങൾക്കും വൈദ്യുതിയാണ് ഉപയോഗപ്പെടുത്തുന്നത് വൈദ്യുതി ഇല്ലാത്ത ഒരു ദിവസത്തെ കുറിച്ച്

നമുക്ക് ചിന്തിക്കാനേ കഴിയില്ല. നമ്മുടെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നായി വൈദ്യുതിയെ കണക്കാക്കാം. വൈദ്യുത ഉൽപാദനരംഗത്ത് നാം സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട് എങ്കിലും നാമിന്ന് വൈദ്യുതി ഉത്പാദനത്തേക്കാൾ കൂടുതൽ ഉപയോഗിക്കുന്നതുകൊണ്ട് തന്നെ മറ്റ സംസ്ഥാനങ്ങളിൽ നിന്നും വിലകൊടുത്തു വാങ്ങേണ്ട ഒരു സ്ഥിതി വിശേഷത്തിലേക്ക് കടക്കേണ്ട ഒരു അവസ്ഥ ഉണ്ടാകുന്നു .വ്യവസായ ആവശ്യങ്ങൾക്കും ഗാർഹിക ആവശ്യങ്ങൾക്കും എന്നുവേണ്ട എല്ലാ ആവശ്യങ്ങൾ നിറവേററാനും നമുക്ക് വൈദ്യുതി അത്യന്താപേക്ഷിതമാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപയോഗം അമിതമായി കൂടിക്കൊണ്ടിരിക്കുകയാണ്. കാര്യക്ഷമമായി വൈദ്യുതി ഉപയോഗിച്ചില്ലെങ്കിൽ വമ്പിച്ച വൈദ്യുതിക്ഷാമം നേരിടേണ്ടിവരും.പുതിയ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനമായ കേരളത്തിന് ഗാർഹിക ഉപഭോഗത്തിൽ വൈദ്യുതി ഉപയോഗിക്കുന്നതിന്റെ അളവ് വളരെയധികം വർദ്ധിച്ചിരിക്കുന്നു. വളരെ സൂക്ഷ്മതയോട് കൂടി വൈദ്യുതി ഉപയോഗിച്ചാൽ വൈദ്യുതി ഉപയോഗത്തിനുള്ള നഷ്ടം കുറച്ചെടുക്കാൻ സാധിക്കും.നാം ഒട്ടുമിക്ക ആവശ്യങ്ങൾക്കും

വൈദ്യുത ഉപകരണങ്ങളാണ് വീട്ടിൽ ഉപയോഗിക്കുന്നത്. ഈ വൈദ്യുത ഉപകരണങ്ങൾ വേണ്ട രീതിയിൽ ഉപയോഗിത്തിന് ശേഷം ഓഫ് ചെയ്യാത്ത ഒരു സ്ഥിതി ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി വീടുകളിൽ ഉപയോഗിക്കുന്ന ലൈറ്റുകൾ, ഫാനുകൾ, എസി ,വാഷിങ് മെഷീൻ,ടിവി, ഫ്രിഡ്ജ്, ഇൻഡക്ഷൻ കുക്കർ,മിക്സി എന്നിവയാണ് കൂടാതെ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴും നാം ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട് **15a** മാർക്കുള്ള നല്ല വൈദ്യുത ക്ഷമതയുള്ള ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ .ടിവി റിമോട്ട് ഓഫ് ചെയ്യുന്ന ഒരു പ്രവണത കണ്ടുവരുന്നു .സ്വിച്ച് ഓഫ് ചെയ്യുന്നില്ല ഇതുകാരണം വൈദ്യുത നഷ്ടമുണ്ടാകുന്നു .മിക്സി ഉപയോഗിക്കുന്ന ഘട്ടത്തിൽ കൂടുതൽ സാധനങ്ങൾ ജാറിൽ നിറയ്ക്കുകയും ആ സമയത്ത് അധികമായി വൈദ്യുതി ഉപയോഗിക്കേണ്ട ഒരു അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു .കൂടാതെ കൂടുതൽ വേഗത്തിൽ അരയുമെന്നു കരുതി വെള്ളം കൂടുതലായി ഉപയോഗിച്ചിട്ട് അരയ്ക്കാൻ ശ്രമിക്കുമ്പോൾ അരയാൻ കൂടുതൽ സമയമെടുക്കുന്നു. ആ സമയത്ത് വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നു ഓവർ ലോഡ് റിലെ സംവിധാനം ഉപയോഗിക്കപ്പെട്ടുത്തിയിട്ടുള്ള മിക്സി ഉപയോഗിക്കുന്നതാണ്. രാത്രികാലങ്ങളിൽ അധിക കരണ്ട് ആവശ്യമുള്ള ഉപകരണങ്ങളായ മിക്സി ,ഫ്രിഡ്ജ്, വാഷിങ് മിഷൻ ,ഏ.സി ,ഇസ്തിരിപെട്ടി, ഇൻഡക്ഷൻ കുക്കർ എന്നീ ഉപകരണങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതുകൊണ്ട് തന്നെ വൈദ്യുതനഷ്ടം ഉണ്ടാവുകയും ചെയ്യുന്നു .ഇതോടൊപ്പം നമ്മുടെ പോക്കറ്റ് കാലിയാകാനും കാരണമാകുന്നു .പകൽസമയങ്ങളിൽ നമ്മുടെ വീട്ടിലെ

മുറികളുടെ വാതിലുകൾ അടച്ചിട്ടുമ്പോൾ ലൈറ്റ് ഓൺ ചെയ്യുന്ന പ്രവണത കണ്ടുവരുന്നു. ഇത് വൈദ്യുത നഷ്ടമുണ്ടാകുന്നതിന് കാരണമാകുന്നു .എൽഇഡി ബൾബിനു പകരം 60 വാൾട്ടുള്ള സാധാരണ ബൾബ് ഉപയോഗിക്കുന്നതുകൊണ്ട് ഒരുപാട് വൈദ്യുതി നമുക്ക് നഷ്ടം വരുന്നു. എൽഇഡി ബൾബിന് കുറച്ചു കരണ്ട് മാത്രമേ ആവശ്യമുള്ളൂ അതുകൊണ്ടുതന്നെ അമിത വൈദ്യുതി നഷ്ടം ഉണ്ടാകുന്നില്ല .ഇസ്തിരിപെട്ടി ഉപയോഗിക്കുമ്പോൾ ഓട്ടോമാറ്റിക് ഓഫാകുന്ന ഇസ്തിരിപെട്ടികളാണ് ഏറ്റവും അനുയോജ്യം, കാരണം ആവശ്യമായ ചൂട് നാം ഉപയോഗിക്കുന്ന തുണിക്ക് ലഭിച്ചാൽ ഓട്ടോമാറ്റിക് ആയി തന്നെ ഓഫ് ചെയ്യപ്പെടുന്നു .അതുകൊണ്ടുതന്നെ വൈദ്യുതി കൂടുതൽ നഷ്ടമാകുന്നില്ല തുണിക്കു കേടുവരുന്നില്ല. ഗാർഹിക ഉപഭോക്താക്കളായ ഞങ്ങൾ വൈദ്യുതിയുടെ ഉപയോഗം കുറച്ചുകൊണ്ട് പ്രകൃതിയിൽ നിന്ന് കിട്ടുന്ന ഊർജ്ജ സ്രോതസ്സുകളാണ്. കാറ്റ്,സൗരോർജ്ജം, തിരമാല എന്നീ ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയാൽ ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും ഊർജ്ജം സംരക്ഷിക്കുന്നത് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് തുല്യമാണ് എന്ന ഒരു കാര്യം ഏവരും ഉൾക്കൊള്ളേണ്ടതാണ് അത് നമ്മുടെ നിത്യജീവിതത്തിൽ പടർത്തുകയും ചെയ്താൽ നമ്മുടെ ഭാവിതലമുറയ്ക്കും ഒരു മുതൽക്കൂട്ടാവും.



# ജീവിതമേ...



വിജനമാം നിൻ വഴിയിൽ അലയുവാൻ,
അവൾക്ക് നേരമില്ല കാരണം,
നാളെ ഈ വഴിയിൽ തിരക്കേറും,
അപ്പോൾ യാത്രചെയ്യാനുള്ള
അവളുടെ മോഹം പൊലിയും
കാലമേ ...
നിനക്ക് വിട.
വീണ്ടും ഈ വഴി വരാൻ
അവൾ ആഗ്രഹിക്കുന്നു
വിജനമാം തെരുവീഥിയിൽ
ധന്യമായി നിന്നെദർശിക്കാൻ
മധുരമായി വേദനയായി അവൾ വരും
ചെറുപുഞ്ചിരി ഏകാൻ അപ്പോൾ
അവൾ മടിക്കും .കാരണം,
അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കും
മിന്നുന്ന കണ്ണുകളിലൂടെ മരണത്തിൻറെ
നേർപ്പാലം
ജീവിതമേ ...നിനക്ക് കാണാം .
കാലമേ..... പറയൂ ..വിജനമാം നിൻ വഴിയിൽ
ഒറ്റയ്ക്കാക്കി വെളിച്ചം വിതറാതെ
ഇരുട്ടിലാക്കി ,
മങ്ങിയ വെളിച്ചത്തിലൂടെ
അവളെ നടത്തിയത് എന്തിന് ?
ജീവിതമേ ....ഉപേക്ഷിക്കു അവളെ
ഏകുവാൻ നിനക്ക് കഴിഞ്ഞില്ല .
അത്,മരണത്തിനു കഴിയുമെങ്കിൽ
സന്തോഷത്തോടെ പറക്കട്ടെ അവൾ
ആകാശത്തോളം.....


# കളിപ്പാട്ടമനുഷ്യർ

അരുണ സാന്ദ്ര



പകൽ മായുകയാണ് ബോര്ഡിംഗ് സ്കൂളിലെ മുല്ല വള്ളികള്ക്കിടയിലുള്ള സിമന്റ് ബെഞ്ചിൽ നിഷീമ തനിച്ചിരുന്നു അവളെ നോക്കി അവള്ക്കു ചുറ്റും മിണ്ടാത്ത ചലിക്കാത്ത അനേകം കളിപ്പാട്ടങ്ങൾ നിരന്നിരുന്നു. നിഷീമ അവയൊന്നും ശ്രദ്ധിച്ചില്ല അവള്ക്കു അവയൊക്കെ എന്നേ മടുത്തിരുന്നു. കറുത്ത നൈലോൺ നൂലുകൾ കൊണ്ട് തുന്നിച്ചേര്ത്ത മീശയുള്ള ഒരു പാവയെ നിഷീമ കൈയിലെടുത്തു എന്നിട്ട് അതിന്റെ മുഖത്തേയ്ക്കു നിഷ്കളങ്കമായി നോക്കിയവള് പറഞ്ഞു ."പപ്പയെന്താ എന്നെ കൊണ്ട് പോകാന് വരാത്തെ പാവക്കുട്ടീ ,ബിന്ദൂം,രാജിലേം ശ്യമിലും വിഷ്ണുവും ഒക്കെ ക്രിസ്തുമസ് അവധിക്കു വീട്ടിലേക്കു പോയി. എന്നെ മാത്രം ആരും കൊണ്ട് പോവാനില്ല . പപ്പയ്ക്കും മമ്മിയ്ക്കും ന്നെ വേണ്ടേ..... അവളുടെ ഒച്ചയിടരിതുടങ്ങി ഹും ആരെയും ആര്ക്കും വേണ്ട കുട്ടീ ഈ മനുഷ്യരെല്ലാം ഞങ്ങളെ പ്പോലെ പവകല മിടിക്കുന്ന ഹൃദയമുള്ള പാവകള് ആരോടും സ്നേഹമില്ലാത്ത ജീവിക്കാന് വേണ്ടി എന്ത് കോപ്രായവും കാട്ടുന്ന ആരെയും ചതിക്കുന്ന അരുടെയൂ ഞാണിന്മേല് കളിക്കുന്ന പാവകൾ. നിഷീമയുടെ ചോദ്യത്തിന് ആ മീശക്കാരന് പാവ ഇങ്ങനെ ഉത്തരം നല്കി നിഷീമ തന്റെ കണ്ണില് നിന്നും അടര്ന്നു വീണ നീര്മുത്തുകള് തുടച്ചു മാറ്റി പിന്നെയവള് പാവയോട് പറഞ്ഞു അവര്ക്കെന്നെ വേണ്ടെങ്കിലും എനിക്കവരെ വേണം അവരെവിടെയാ ഉള്ളെന്നു വച്ചാല് എനിക്കങ്ങോട്ട് പോകണം ഒരു പെണ്പാവ അവളുടെ അഭിപ്രായം സരിവെച്ചു നിഷീമ മറ്റൊന്നും ചിന്തിച്ചില്ല ചുറ്റും ഒന്ന് നോക്കി ക്ലാര സിസ്റ്ററും അന്നാമ്മ സിസ്റ്ററും സംസാരിക്കുകയാണ് അതിനാല് അവരെ കണ്ണ് വെട്ടിക്കുന്നത് എളുപ്പം തന്നെ. എന്നാലും ആ ഗേറ്റിനു കാവല്ക്കാരന്റെ കണ്ണ് എങ്ങനെ വെട്ടിക്കും. വരുന്നത് വരട്ടെ. അവള് മുന്പോട്ടു നടന്നു. അതാ.... ഗേറ്റിനു കാവല്ക്കാരനില്ല . ആരോ അവള്ക്കായി ആ ഗേറ്റിന്റെ വാതിലുകള് മലര്ക്കെ തുറന്നിട്ടിരിക്കുന്നു നഗര ഹൃദയത്തിലേക്കുള്ള ആ വാതിലിലൂടെ അവള്

പുറത്തേയ്ക്ക് നടന്നു. അങ്ങനെ എത്ര ദൂരം താൻ നടന്നു വന്നു കൊച്ചു നിശീമയ്ക്കറിയില്ല .അവളുടെ കുഞ്ഞു പാദങ്ങള് നന്നേ വേദനിച്ചു .നേരം ഇരുട്ടിയിരിക്കുന്നു .തന്നെ നോക്കി കണ്ണുരുട്ടുന്ന വഴിവിലക്കിനെ അവൾ ഭയത്തോടെ നോക്കി ഇനിയെങ്ങോട്ട് പോവണം പപ്പയും മമ്മിയും എവിടെ ? അവളുടെ മനസ്സിലൂടെ ഒരായിരം ചോദ്യങ്ങൾ ഓടി മറഞ്ഞു ഏതോ ഞാണിന്മേൽ കളിക്കാരന്റെ ഞാണിൽ നിന്നാടുന്ന ആയിരം മനുഷ്യകളിപ്പട്ടങ്ങള്ക്കിടയിൽ നിശ്ചലയായി അവൾ നിന്ന്. തെല്ലുകലയല്ലാതെ തന്നെയോര്ത് വിലപിക്കുന്ന കളിപ്പാട്ടങ്ങളെ അവൾ അപ്പോൾ ഓര്ത്തില്ല ആ മനുഷ്യക്കളിപ്പട്ടങ്ങള്ക്കിടയിൽ അവൾ അവയെ മറന്നു പോയിരിക്കാം





# വയലിന്റെ തേങ്ങൽ

വൈഷ്ണ.പി.വി

സ്വർണക്കതിരും ചിലയ്ക്കുന്ന പക്ഷിയും
നൊമ്പര സ്വപ്നമായി മാറിയല്ലോ
മാനത്തെ പഞ്ഞിയാം മേഘങ്ങൾ തൻ നിറം
മാറി കറുരുപ്പാവാൻ കാത്തിരിപ്പൂ
വേനൽ കഴിഞ്ഞു മഴക്കാലമെത്തുമ്പോൾ
സന്തോഷം കൊണ്ടവൾ കുളിരണിയും
വൃശ്ചികക്കുളിരിൽ പുതപ്പഴിഞ്ഞാലുമെൻ
കാത്തിരിപ്പെന്നും നിരാശ തന്നെ
പുൽനാമ്പ്പോലും വെറുത്ത ഞാൻ വെറും
തരിശിന്റെ ഭാഗമായി മാറിപ്പോയി
മാനത്തെ മേഘത്തിൻ വരവും പ്രതീക്ഷിച്ച
കാത്തിരിപ്പൂ വയല് കണ്ണും നട്ട് ...................

# നഖംവളർത്തിയപെൺകുട്ടി

പൂജ. എ



തന്റെ കൊല്ലുന്നനെയുള്ളകൈകളിലേക്ക് സരളനോക്കി ചുക്കിചുളിഞ്ഞ കൈവിരലുകളിലെ പറ്റെവെട്ടിയ നഖച്ചാലുകളിൽ ചുക്കിചുളിഞ്ഞ കൈവിരലുകളിലെ പറ്റെവെട്ടിയ നഖച്ചാലുകളിൽ പഴുപ്പിന്റെ മഞ്ഞപ്പ്. തലയിലെ പുണ്ണുകൾ വരണ്ടു വിണ്ടിരിക്കുന്നു. അത് അവളെ വേദനിപ്പിച്ചു.ഓയിൻമെന്റ് ട്യൂബിൽ നിന്ന് പുറത്തേക്കു വന്നതും മഞ്ഞപ്പഴുപ്പുപോലെന്ന്. ഓയിൻമെന്റ് തലയിൽ പുരട്ടിയപ്പോൾ നേർത്തപുകച്ചിൽ. അവൾ കണ്ണുകൾ അടച്ചു. അടരാൻ വെമ്പിയ അവസാന ജലബിന്ദുവും കൺകോണിലൂടെ ഉതിർന്നു വീണു. നീണ്ടനഖങ്ങൾ വളർത്തുക അതിന് നല്ല നല്ല ചായങ്ങൾ പൂശുക എന്നത് അവളുടെ സ്വപ്നമായിരുന്നു. ഉറ്റവരും ഉടയവരും അന്നേപറഞ്ഞു "നഖം വലർത്തുന്നത് ഭംഗിതന്നെ പക്ഷെ അത് ശുചിയായ് സൂക്ഷിക്കണം" പക്ഷെ ക്ലാസുകളിൽനിന്നും ക്ലാസുകളിലേക്ക് സഞ്ചക്കവെ നഖപരിപാലനത്തിന് എവിടെ സമയം? ഒടുക്കം വയറിളക്കവും ചർദ്ദിയും വന്ന് ആരൊക്കെയോ തന്നെ ആശുപത്രിയിലേക്കെടുത്ത് ഓടുമ്പോഴും ആശുപത്രിയിലെ തുവെള്ള വരിയിട്ടകിടക്കയിൽ കിടന്ന് അബോധങ്ങളിലേക്ക് മറയുമ്പോഴും നഖത്തിന്റെ സൗന്ദര്യമായിരുന്നു മനസ്സിന്റെ സന്തോഷം. “കുട്ടി ഉറങ്ങ്വാണോ ?” സരള പാതിമയക്കത്തിൽനിന്നും ഞെട്ടിയുണർന്നു.അടുത്തബെഡിലെ ചേച്ചി വന്നിട്ട് 2 ദിവസമായെങ്കിലും ഇതുവരെ തന്നോടൊന്നു ചിരിച്ചിട്ടുപോലുമില്ലാത്ത ഇവർ ഇന്ന് തന്നോട് സംസാരിക്കുന്നു സരളയ്ക്ക് അദ്ഭുതം തോന്നി.”അല്ല" സരള ഒന്ന് മന്ദഹസിച്ചുകൊണ്ട് പറഞ്ഞു. എന്താണ് അസുഖം എന്നവർ ചോദിച്ചപ്പോൾ തന്റെ നഖങ്ങളിലേക്ക് ഗദ്ഗദത്തോടെനോക്കി സരളതന്റെ രോഗത്തെ പറ്റിപറയവെ അവരുടെ മുഖം ചുവന്നു അവളിൽനിന്നും കണ്ണുകളെ പറിച്ചെടുത്ത് ജാലകങ്ങൾക്കപ്പുറം ആകാശനീലിമയിൽ ജ്വലിക്കുന്ന കണ്ണുകളോടെ നോക്കി അവർ ഉറച്ചസ്വരത്തിൽ പറഞ്ഞു "നഖം വളർത്തണം മൂർച്ചയുള്ള നഖങ്ങളും കൂർത്തപല്ലുകളും വേണം അതുമാത്രമാണ് പെണ്ണിന്റെ ആയുധം " സരള അവരെതന്നെ അൽപനേരം നോക്കിനിന്നു


പിന്നെ അവർ പറഞ്ഞതിന്റെ പൊരുൾ തേടി തേടി അവൾ ഒരു ഗാഢനിദ്രയിലേക്ക് വഴുതിവീണു.അതിനിടയിൽ എപ്പോഴോ അവർ പറഞ്ഞു "ഞാനിന്ന് പോവും" പക്ഷെ അത് അവൾ കേട്ടില്ല. ഉറക്കമുണർന്നപ്പോൾ ബെഡ്ഡിൽ ചേച്ചിയില്ലായിരുന്നു. സരളയ്ക്കാകെ മടുപ്പ്തോന്നി വെയിൽ മായാൻ പോവുകയായിരുന്നു. അല്പനേരം അതുനോക്കികിടന്നു പിന്നെ ആരോ റൊട്ടിപൊതിഞ്ഞുകൊണ്ടുവന്ന പത്രത്താളിലൂടെ വെറുതെ കണ്ണോടിക്കവെ ഒട്ടൊരത്ഭുതത്തോടെ അടുത്തബെഡ്ഡിൽ കിടന്ന ചേച്ചിയുടെ ഫോട്ടോ പത്രത്തിൽ അവൾ തിരിച്ചറിഞ്ഞു. പതറുന്ന ശബ്ദത്തിൽ അവളാ വാർത്ത വായിച്ചു.

“പ്ലസ്വൺവിദ്യാർത്ഥിനിബസ്സിൽഅപമാനിക്കപ്പെട്ടു.”


അവളുടെ വിറയ്ക്കുന്ന കൈകളിൽ നിന്നും പത്രത്താൾ ഊർന്നുവീണതവളറിഞ്ഞില്ല.ചേച്ചിയുടെ വാക്കുകൾ അവളുടെ കാതിൽ മാറ്റൊലികൊണ്ടു.



നീ
നീ ആ വാക്ക്
വാക്യം.
വീണ്ടും.
ഓർമ്മകളുടെ
ദുർഗന്ധം.
കറുപ്പിൽ വെള്ള പൂശിയ
കൈയ്യിൽ
വെള്ള പൂശിയവൻ




ദ്രവിച്ച തുടങ്ങിയ
ഇലകൾ
മരത്തെ തിരഞ്ഞപ്പോൾ




അപാരമായ
അനന്തത
ഇനി ജീവ വായു
നൽകേണ്ടവൻ
അച്ചൻ ആടിഉലഞ്ഞ
ജീവിതം
അമ്മയുടേത്
നനവിൽകുതിർന്നത്
വീണ്ടും കയ്യു വീണ
കവിൾ
വിയർപ്പു ഗന്ധമുള്ള
ജീവിതങ്ങളെ
തീർത്തവൻ
ഗൂഗിളും യാഹൂവും
ജിറ്റി എയും റോഡ്റാഷും
ഒടുവിൽ
മണ്ണും വിയർപ്പും
ഡിലീറ്റ്ചെയ്തവൻ.
സ്വപ്നത്തിലെ
നീ
പടർന്ന്
പന്തലിച്ച്
ജന്മവും
ജീവിതവും
സന്തോഷവും
അങ്ങനെ ഒരുപാട്
ഒരുപാട്........
ആത്മമേളം

# രക്തസാക്ഷി




കീർത്തന

നീ... രക്തസാക്ഷിയാണത്രെ...
പുത്രാ... നീ മിന്നുന്നതാരമാണത്രെ...
നാളത്തെ പൗരനാവേശമാകണ്ടവനത്രെ... നീ...
നിന്നോർമ്മയിൽ... ജീവിതയാത്ര നടത്തേണ്ടവരെത്ര...
ചേതനയറ്റ നിൻ... ദേഹം
പട്ടിൽ പുതഞ്ഞുകിടക്കുമ്പോൾ... കുഞ്ഞേ
കരൾനുറുങ്ങുമീ...വേദനതിന്ന്
ഏകാന്തതയുടെ ആഴങ്ങളിലീയമ്മ...
ഓർമ്മയിൽ...നിൻമുഖം തെളിവാർന്നങ്ങനെ...
സ്നേഹത്തിൻ ഉറവകൾ സമൃദ്ധമായങ്ങനെ...
പാൽ നിറവുപോൽ...
ഊഷരഭൂവിൽ മഴത്തുള്ളിയെന്നപോൽ...
കുഞ്ഞേ... അമ്മയെന്നൊന്ന് വിളിക്കുമോ?...
പുത്രാ... പിഴച്ചുവോ നിൻ സ്വപ്നങ്ങൾ...
യാഗാശ്വം പോൽ കുതിക്കുമീ... സമരകാഹളങ്ങൾ...
കിതയ്ക്കാതെ... ഇടറിവീഴാതെ...നീ തെളിച്ച
തീ പന്തങ്ങൾ...എരിഞ്ഞുതീർന്നതോ
കുഞ്ഞേ അണയുന്ന നിൻ ചിതാധൂളികൾ
ഏത്തിലേറ്റി ഈ വൃദ്ധൻ ശിഷ്ട-
ജീവിതയാത്ര തുടരട്ടെ...

# എങ്ങുപോയി

അക്ഷയ് പി



ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിനു വേണ്ടും മധു നിറച്ചു
ദന്തങ്ങൾ പോയ്ക്കവിളൊട്ടിപ്പോയ
കുന്നിനു യൗവ്വനകാന്തി നൽകി
ഓടി നടന്നു കളിച്ച മണ്ണിൽ
വാടി പുതുക്കും വെയിൽ നാളങ്ങൾ
പൊന്നിൻ കസവുകൾ നെയ്തുതള്ളും
മഞ്ഞമുകിലിലൊളിഞ്ഞു നിന്നു

പച്ചിലകുമ്പിളിൽപ്പൂവറുത്തി-
ട്ടുത്രാടസന്ധ്യ തളർന്നു നിന്നു

അന്തിവെട്ടത്തോടൊത്തെത്തി ഞാനു-
മന്നത്തെയോണം നുകർന്ന നാട്ടിൽ
പോരിൻ പഴങ്കതഥപ്പാട്ടുപാടി
പേരാറലകൾ കളിക്കും നാട്ടിൽ
കൈതമലർമ്മണം തേവി നിൽക്കും
തൈത്തെന്നൽ തോഴനായ് വാണനാട്ടിൽ
അൻപിൻ പൂപുഞ്ചിരിപ്പോററിപ്പോരും
തുമ്പകൾ മാടിവിളിക്കും നാട്ടിൽ

പച്ചിലക്കാടിൻ കടവുതാണ്ടി-
പൈങ്കിളിപ്പാട്ടു വിതയ്ക്കും നാട്ടിൽ
കാവിൻ നടകളിലാണ്ടുതോറും
വേലപ്പൂരങ്ങൾ നിരക്കും നാട്ടിൽ
സത്യസംസ്കാരത്തിടമ്പിൻ മുമ്പിൽ
വച്ച കെടാവിളക്കെങ്ങുപോയി

നാടിൻ മുഖത്തെപ്പരിവേഷങ്ങൾ

ചൂഴമഴകൊളിയെങ്ങുപോയി.



# പ്രവേശനോൽസവം 2019





പരിസ്ഥിതി ദിനം ജൈവകൃഷി ലഹരി വിരുദ്ധദിനം





അദ്ധ്യാപക ദിനം




ജൈവകൃഷി പ്ലാസ്റ്റിക്കിനെതിരെ ക്ലാസ് സഭ





ജെ ആർ സി എസ് പി സി സകൗട്ട്&ഗൈഡ്





# വിദൂരതയിലെ വൃദ്ധ മനസ്സ്

നന്ദന സി കെ



നനഞ്ഞ മിഴികൾ തുറന്നു മുറിയിലെ ജനൽ പഴുതിലൂടെ അവൾ വിദൂരതയിലേക്ക് കണ്ണയച്ചു .ചില്ലുകൾക്കിടയിൽ നിന്നും ഒരു മങ്ങിയ വെളിച്ചം തെളിഞ്ഞു വന്നത് അവൾ കണ്ടിരുന്നു.ഒരുനിമിഷം അവസാനമില്ലാത്ത സമുദ്രംപോൽ ആ കണ്ണുകൾ ഈറനണിഞ്ഞു .അവളുടെ ചിന്തകൾ നേരെ തിരിഞ്ഞു. ബാല്യത്തിൽ തുടങ്ങിയ യൗവനത്തിലേക്ക് അവൾ കണ്ണോടിച്ചു .വൃദ്ധയുടെ മനസ്സിൽ ഇന്നും പല ആഗ്രഹങ്ങളും ബാക്കിയായി കിടപ്പുണ്ട് .ബാല്യകാലം സുഖകരമായ ഓർമ്മകളാണ് അവൾക്ക് സമ്മാനിച്ചത് .യൗവ്വന കാലശേഷം താൻ എന്തായിരുന്നു... അവൾ ഒരു ദീർഘനിശ്വാസത്തോടെ പണി ചെയ്തു തീർക്കാൻ തുടങ്ങി. വിവാഹശേഷം താൻ ചിരിച്ച നാളുകൾ ഉണ്ടോ?ചെറുപ്പംതൊട്ടേ ഒരാളല്ലേ ഉള്ളു എന്നു കരുതി തൻെറ മകനെ ഒരു കുറവുമില്ലാതെ വളർത്തിയിട്ടും ഇന്നവന് ഞാൻ ആരുമല്ല,മകൻെ വിവാഹം അത് ഞാൻ വളരെയേറെ മോഹിച്ചതായിരുന്നു .എന്നാലോ വിവാഹം കഴിഞ്ഞതോടെ അവൻ സ്വന്തം അമ്മയെ പോലും തള്ളിപ്പറഞ്ഞു .അവനും അവൻറെ ഭാര്യയും മാത്രമൊതുങ്ങുന്ന ലോകം അതായിരുന്നു അവൻെറ കാഴ്ചപ്പാട്. അവൾക്കു പുറമേ ഒന്നുമില്ല. അവൾ പറയുന്നതിൽ കൂടുതൽ അവന് മറുവാക്ക് ഇല്ല. അവൻറെ ഭാര്യ അമ്മയെ ക്രൂരമായി പഴിക്കുമ്പോഴും അവൻ മിണ്ടാതെ മാറിനിന്നു .കാലം കടന്നുപോയപ്പോൾ

അവളുടെ , ആ അമ്മയുടെ ജീവിതവും മാറിത്തുടങ്ങി .വീട്ടിൽ ഉടമ സ്ഥാനത്തിൽ ഉള്ള അമ്മ ഇന്നൊരു വേലക്കാരിക്കു തുല്യം. പ്രായമേറേ കടന്നു .അവശനിലയിലായി. എന്നിട്ടും തൻറെ മകനും ഭാര്യക്കും സുഖ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നു .അതിനിടയിൽ തൻെറകാര്യം മറക്കുന്നു. അവൻറെ സന്തോഷത്തിനായി തൻെറ ആരോഗ്യം പോലും ശ്രദ്ധിക്കാതായി. അമ്മയ്ക്ക് തുണയായി ഇന്നവിടെ ആരുമില്ല. അമ്മയെ തനിച്ചാക്കി പുറംലോകത്ത് സന്തോഷം തേടുകയായിരുന്നു അവർ .അമ്മ പട്ടിണിയായി .ഒരിറ്റുവെള്ളം തരാൻ പോലും ആരുമില്ല തനിക്ക്,ഇത്രനാളും മറ്റുള്ളവർക്കുവേണ്ടി കഷ്ടപ്പെട്ടു .എന്നിട്ടും ഇന്ന് ആരാണ് എനിക്ക് ഒരു താങ്ങ്....ആ അമ്മയുടെ മനസ്സ് വല്ലാതെ നൊന്തു. അടക്കാനാവാത്ത ദുഃഖത്തിൽ കണ്ണുകൾ തേങ്ങി... ജീവൻ കൂടുതൽ അവശനിലയിൽ ആയപ്പോൾ അമ്മ ആശുപത്രി കിടക്കയിലായി . മരണക്കിടക്കയിൽ കിടക്കുന്ന എന്നെ എൻെറ മകൻ ഇനിയെങ്കിലും അവസാനമായി കാണാൻ വരുമോ .....അങ്ങനെയിരിക്കെ ഒരുനാൾ അവർ എത്തി .തന്നെ കാണാൻഎത്തിയ ,മകനെ കണ്ട അമ്മയുടെ കണ്ണിലെ വെളിച്ചം കുറച്ചു നേരത്തേക്കു മാത്രം ആയിരുന്നു. ആ അമ്മ പറഞ്ഞു.ഇനി ഈ അമ്മയെ ആർക്കുവേണം .മക്കളേ ...ഞാൻ നിനക്കാണ് ഇന്നിപ്പോൾ ....അവർ ഒന്നും പറയാതെ അമ്മയോട് ഒന്നും മിണ്ടാതെ മടങ്ങിപ്പോയി. ഇതെല്ലാം ആലോചിച്ചു കൊതിച്ചിരുന്ന വൃദ്ധയുടെ ചുമലിൽ അന്തേവാസികളിൽ ഒരാൾ കൈവച്ചു വിളിച്ചു. ആ വൃദ്ധ കണ്ണുകൾ തുടച്ചു തിരിഞ്ഞു നോക്കി .അവർ ചോദിച്ചു എന്തായിരുന്നു നീ ആലോചിക്കുന്നത്? പഴയ ഓർമ്മകൾ നിന്നെ ശല്യപ്പെടുത്തുന്നുവോ? വൃദ്ദ ഒന്നും പറഞ്ഞില്ല .,മിണ്ടാതിരിക്കുന്നതെന്താ.? മൗനം ഒന്നിനും പരിഹാരമാവില്ല. മൗനത്തിലാണ് ഓർമകൾക്ക് കൂടുതൽ സ്ഥാനം.

# വേർപാട്

## കൃഷ്ണപ്രിയ

പഴുത്ത ഇല വീഴുമ്പോൾ പച്ചയില ചിരിക്കേണ്ട എന്നല്ലെ.? ഇന്ന് ആ പഴംചൊല്ല് സത്യമായി മാറുകയാണ്. മക്കൾ ഉപേക്ഷിച്ച ഒരു അമ്മ. വൃദ്ധയായിരുന്ന ആ അമ്മ .അമ്മയോട് ഇത്തിരി പോലും ആ മകൾക്ക് സ്നേഹമുണ്ടായിരുന്നില്ല.അങ്ങനെ ഒരു ദിവസം തൻെറ അമ്മയെ ആ മക്കൾ തെരുവിലുപേക്ഷിച്ചു. ഇരുട്ടിൻറെ പേടിയിൽ ചുറ്റും നോക്കി ആ അമ്മ നടന്നു .അപ്പോഴായിരുന്നു ചവിട്ടു കൊട്ടയിൽ നിന്ന് ഒരു കുഞ്ഞിനെ കരച്ചിൽ അമ്മ കേട്ടത് .മനസ്സ് മുഴുവൻ നന്മനിറഞ്ഞ ആ അമ്മ ആ കുഞ്ഞിനെ എടുത്ത് മാറോടുചേർത്തു .അതിൻെറ വിശപ്പടക്കാൻ നാണയം ഒന്നും അമ്മയുടെ കയ്യിലില്ലായിരുന്നു. അങ്ങനെ, ആ അമ്മ ഒരു വൃദ്ധസദനത്തിൽ അഭയം തേടി .അമ്മയുടെ നിഷ്കളങ്കത കണ്ടതോടെ വൃദ്ധസദനത്തിൽ ആ അമ്മയെ കൂടെ കൂട്ടി . അവിടുത്തെ അമ്മമാർക്കും മുത്തശ്ശിമാർക്കും ഉണ്ണിയായി അവൻ വളർന്നു .ആ അമ്മയെ സ്വന്തം അമ്മയായി അവൻ കണ്ടു .തൻറെ ബാല്യം നഷ്ടപ്പെടുത്തിയ അച്ഛനോടും അമ്മയോടും അവന് ദേഷ്യമായിരുന്നു .എങ്കിലും അവരെ ഒരു നോക്കു കാണാൻ അവൻ ആഗ്രഹിച്ചിരുന്നു . ഉണ്ണിയുടെ സ്നേഹത്തോടുള്ള ഒരു വിളി കേൾക്കുമ്പോൾ തന്നെ എല്ലാവരുടെയും മനസ്സ് നിറയും. അവരുടെ ചൂടേറ്റ് അവൻ വളർന്നു .എല്ലാവരെയും രസിപ്പിച്ചും സന്തോഷിപ്പിച്ചും അവൻ അവരുടെ കണ്ണുകളിലെ കൃഷ്ണമണിയായി മാറി. നന്നായി പഠിക്കുമായിരുന്നു ഉണ്ണി .ആ വൃദ്ധസദനത്തിൽ ഒരു രാജകുമാരനായി അവൻ. അങ്ങനെയിരിക്കുമ്പോൾ ആയിരുന്നു അമ്മയും അച്ഛനും വന്നിട്ടുണ്ടെന്ന് അവനറിഞ്ഞത് .നെഞ്ചിടിപ്പോടെ അവൻ ഓടി ഓഫീസിൻറെ വാതിൽക്കൽ നിന്നു. അവനെ കണ്ടതും അമ്മയും അച്ഛനും അവനെ വാരിയെടുത്ത് ഉമ്മ വച്ചു. തൻെറ മകനാണ് ഉണ്ണിയെന്ന് അവർ തെളിയിച്ചു .അമ്മമ്മയുടെ കാതിൽ നിന്ന് ഏറെ ദൂരത്തേക്ക് അമ്മമ്മേ.. എന്നവിളിമാഞ്ഞു. കരച്ചിൽവറ്റു കെട്ടിയ മുഖം കൊണ്ട് എല്ലാവരോടും യാത്ര പറഞ്ഞു .വരുമെന്നൊരു വാക്കു മാത്രം ബാക്കിയായി.കുറേ കാലങ്ങൾ കഴിഞ്ഞു .ഉണ്ണി തിരിച്ച് തൻെറ അമ്മമ്മയെ കാണാനായി മടങ്ങി.വൃദ്ധസദനത്തിൻെറ ഓരോ പടികളും ആഹ്ലാദത്തോടെ അവൻ കയറി .എന്നാൽ തൻറെ അമ്മമ്മ എന്നെന്നേക്കുമായി പോയി എന്ന വിവരം കേട്ടതോടെ ഉണ്ണി തളർന്നു .ഒരിക്കൽകൂടി ഉണ്ണി..എന്ന വിളി കേൾക്കാനായി അവൻ ആഗ്രഹിച്ചിരുന്നു.തൻെറ മാതാപിതാക്കളെകാട്ടും സ്നേഹമായിരുന്നു തന്നെ വളർത്തിയ അമ്മമ്മയോട് അവന് ഉണ്ടായിരുന്നത്. ജീവിതത്തിൽ പ്രതീക്ഷിക്കാതെ വരുന്ന അപരിചിതനാണ് മരണം ..

## കവിതയും പോലീസും

-ആതിത്യൻ കെ

കവിതയുടെ കൈകളിൽ അവർ വിലങ്ങുവയ്ക്കുന്ന
വിരലുകൾ തീനാളങ്ങൾ ആയിമാറി വിലങ്ങൊരുക്കി കളയുന്നു
ലാത്തികൾ ഒന്നൊന്നായി കവിതയെ തല്ലി ചതയ്ക്കാൻ ഒരുങ്ങുന്നു
കവിത വാക്ക് വാക്കായി ചിതറിവീണ്
ലാത്തികളിൽനിന്ന് തെന്നിമാറുന്നു
ബൂട്ടിട്ട കാര്യങ്ങൾ കവിതയുടെ ശിരസ്സിനുമീതെ ഉയരുന്നു
കവിത ഒറ്റവരിയായി ചുരുങ്ങി
വാതിൽപ്പഴുതിലൂടെ പുറത്തുകടക്കുന്നു
അവർ കവിതയെ ഉത്തരത്തിൽ കെട്ടിത്തൂക്കി ഇടുന്നു
കവിത അലയായ് മേൽക്കൂര തുളച്ച് ഉയരുന്നു
കവിതയുടെ തുടയിൽ ചുവടുവെയ്ക്കാൻ അവർ പറയുന്ന ഇരുമ്പായി വരുന്നു
തുടകൾ മഴയായി പെയ്ത് ഇരുമ്പിൻെറഅകം കുളിർപ്പിക്കുന്നു
തോക്കിൻെറ പാത്തികൾ
കവിതയുടെ കവിൾ ചതയ്ക്കാനോങ്ങുന്നു
കവിൾ മകുടിയൂതി നോക്കുകളെ താളമൊത്ത തളിക്കുന്നു
ഭയനത്തിൻെറ മീതെ പറന്നിരിക്കുന്നു
വെടിയുണ്ടകൾ കവിതയുടെ ഹൃദയം
തിരിഞ്ഞു ഊരിയെടുക്കുന്നു
ഹൃദയം മഴവില്ലായി മേഘങ്ങൾക്കിടയിൽപാറിയുയരുന്നു
കവിതയുടെ ഉടൽ അവർ
ചൂടുവെള്ളത്തിൽ ആയിട്ട് തിളപ്പിക്കുന്നു
ഉടൽ ഒരു തുടിതുടിയായിമാറി വലിച്ച് ഉള്ളിൽനിന്ന് മുഴങ്ങുന്നു
കവിതയുടെ കണ്ണുകൾ ചൂഴ്ന്നെടുക്കാൻ അവർ
കത്തികളുമായി ആടുന്നു
കണ്ണുകൾ സപ്തർഷികൾ ഓടെയാണ്

ആകാശത്തിൽ തിളങ്ങിനിൽക്കുന്ന

# THE REAL FRIENDSHIP

**Adwaid.P**



**Long,long ago,not too long just two miles away from our hero's house. There lived a young girl named Mia. She was so pretty,good looking and the girl fell in great friendship with a handsome,brave, poor and good boy. One day Mia was joining in a new school in 8th std. On that day she got many friends,but she liked only one good looking boy. One day she asked his name,''what is your name?'' he replied,''oh!my name is Thiago. What is your name?''she answered,''oh!my name is Mia.'' on the other day they got together and did many work.on the third day Mia was usually coming to school with her friend. There where some naughty boys who didn't like Mia because she was very beautiful and only talked with Thiago. Thiago was a bright student in his class. Mia asked him several times for the secret to be in the 'top ten'. He told to study well everyday. One day Mia's brother by mistakenly took Mia's mobile and he put it in Mia's bag while playing. When Mia saw it she scared and this news got spread and it reached those naughty boys. But Mia's friend Thiago save her.**


## Scared

**Anagha.K.M**

**Scared is a bad feeling to have**
**Scared is when it lightning and thunders**
**Scared is when you see a ghost**
**Scared is when you get in trouble**
**and everybody finds you oouy.**
**Scared is when your parents get divorce**
**And it might be your fault.**

## TREE AND BIRDS

**Amar Raj.P.K**



**There is a tree at my village**
**the tree is very old.**
**It is a peeppal tree.**
**There are many birds on the tree**

**There are juicy mangoes too**
**which shines. Like a sun.**
**Those birds like to eat the**
**mangoes very much.**

## പ്രവേശനോത്സവം കഴിഞ്ഞു

രാവിലെ ആറ് മണിക്കാണ് അലാറം അടിച്ചത്. ഒരു നിമിഷം ഞെട്ടി .പിന്നെയാണ് ഞാനിന്ന് സ്കൂൾ തുറക്കുക ആണല്ലോ എന്നോർത്തത് . വേഗം തന്നെ അമ്പലത്തിൽ പോകാൻ തീരുമാനിച്ചു. ഞാൻ സൈക്കിളുമായി അമ്പലത്തിൽ പോയി അരമണിക്കൂറിനുള്ളിൽ വീട്ടിലേക്ക് തിരിച്ചെത്തി പിന്നെ വേഗത്തിൽ ആഹാരവും കഴിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു വഴിയിലൂടെ നടന്നുപോകുമ്പോൾ പെട്ടെന്ന് ആയിരുന്നു മഴ വന്നത് എൻറെ വസ്ത്രങ്ങൾ മുഴുവനായി നൽകി ഒന്നും നോക്കിയില്ല വേഗം സ്കൂളിലേക്ക് ഒറ്റ ഓട്ടം പത്താം ക്ലാസ് എഡിഷനിലെ കാർഡ് കടന്നുവന്നത് മരണത്തെ ബഞ്ചിൽ നനഞ്ഞൊട്ടിയ വസ്ത്രവുമായി പോയിരുന്നു തൊട്ടപ്പുറത്ത് തന്നെ അവിനാശം ഇരിക്കുന്നുണ്ടായിരുന്നു അവനായിരുന്നു കഴിഞ്ഞവർഷവും എൻറെ പ്രിയ സുഹൃത്ത് വായിച്ച പുസ്തകങ്ങളെക്കുറിച്ച് ഞാൻ വാതോരാതെ പറഞ്ഞപ്പോൾ അവൻ വെക്കേഷൻ സുഹൃത്തുക്കളായി കിട്ടിയ പുതിയ ചേട്ടന്മാരെ കുറിച്ച് വിവരിച്ചു പീറ്റർ വന്നതോടെ ക്ലാസ് പെട്ടെന്ന് നിശബ്ദമായി സയൻസ് അധ്യാപിക ശരീര ടീച്ചറാണ് ക്ലാസ് ടീച്ചർ ആയി വന്നത് ടീച്ചറുടെ മുമ്പിൽ എല്ലാവരും ഓരോരുത്തരുടെയും പേരുകൾ പറഞ്ഞ് പരിചയപ്പെടുത്തി ഉച്ചയൂണ് കഴിഞ്ഞ് വന്നതിനു ശേഷമാണ് ഇടിമുഴക്കം പോലെ ഒരു ശബ്ദം കേട്ടത് അവിനാശ് നിർത്താതെ ചുമക്കുന്നു ചുമ ചുമച്ചാൽ കുഴഞ്ഞുവീണു കൂട്ടുകാരും അധ്യാപകരും ഓടിവന്ന് അവനെ ആശുപത്രിയിലെത്തിച്ച് നേരെ ഐസിയുവിലേക്ക് പ്രവേശിപ്പിച്ചത് കുറച്ചുകഴിഞ്ഞ് ഐസിയുവിൽ നിന്നിറങ്ങിയ ഡോക്ടർ മാഷ് പതുക്കെ പറയുന്നത് കേട്ടു അവൻ മയക്കുമരുന്നിന് അടിമയായിരുന്നു മാസങ്ങളായി അവൻ കഞ്ചാവ് പോലുള്ള ലഹരി വസ്തുകൾ ഉപയോഗിച്ചിരുന്നു അതുകേട്ട് ഞങ്ങൾ ഞെട്ടിപ്പോയി അപ്പോഴാണ് അഭിലാഷിനെ അമ്മയും അച്ഛനും അരികിലേക്ക് വന്നു അവർ വേണുമാഷിനു മുന്നിൽ കിതച്ചു നിന്നു അക്ഷരം അറിയാതെ വേണുമാഷ് ഞങ്ങൾ നോക്കിനിന്നു റൂമിലേക്ക് കണ്ണീർ ചിതറിയ നോട്ടവുമായി ഐസി യു വിന്റം ചില്ലു ഗ്ലാസിലൂടെ എൻറെ പ്രിയ സുഹൃത്തിനെ ഞാൻ തേടി

# SUNRISE ON THE HILLS

**Ashik.M.A**



**I stood up on the hills**
**and I feel when I reach heaven**
**I through thick-leaved branches**
**and the dingle on the hills.**

**The wonder sweetly music**
**echo-giving the woodland hills**
**my sorrow that I forget**
**and the cliff that deft.**

**The sun was glorious with went forth march**
**and the brightest filled with hills.**
**The sun was fade away the sky**
**and I slowly swing the hills.**

# എങ്ങോട്ട്.....

**മയൂഖ**

ഹൊ! ഇതെന്തൊരു ജന്മം

അനശ്വര ഭൂമിയിൽ നശ്വര ജന്മം

അറിവുള്ളവരേറെ പക്ഷേ തിരിച്ചറിവില്ലാത്തവർ

പറയാനറിയാം പക്ഷേ പ്രവർക്കാത്തവരേറെ

ആദർശമുണ്ട് , പ്രയോഗത്തിലല്ല വാക്കുകളിൽ മാത്രം

സ്സേഹമെന്ന പദമറിയാം പക്ഷേ സ്നേഹിക്കനിയില്ല

ദാഹമെന്തന്നറിയാം കുടിക്കില്ല ജലം

കുടിക്കുന്നതോ മദ്യമെന്ന വിഷജലം!

വലിയുണ്ട് പിടിവലിയുണ്ട് അതിലേറെ പുകവലിയുണ്ട്

ഗന്ധമുണ്ട് സുഗന്ധമുണ്ട് അതിലേറെ ദുർഗന്ധമുണ്ട്

എവിടെയെന്നോ? ചീഞ്ഞുനാറുന്ന പൊതുസ്ഥലങ്ങളിൽ

സ്വർമെന്നും നരഗമെന്നും കേൾക്കുന്നു.

പക്ഷേ അറിയുന്നു ഒരുകൂട്ടർ ആദ്യസ്വർഗ്ഗം

പിന്നെ നരകത്തിലേക്ക് .....

മധുവെന്നും ഹൻസെന്നും കേൾക്കാൻ സുന്ദരനാമം

പക്ഷേ നയിക്കുന്നു ദുരന്തമാം നരകത്തിലേക്ക്

വാങ്ങാനറിയും പക്ഷേ കൊടുക്കാനറിയില്ല

അതെ ,സ്സേഹത്തിൻെറ കാര്യത്തിലും

ശൈശവ കൗമാര യൗവ്വനങ്ങൾ

വളർന്നു മാതാപിതാ സംരക്ഷണത്തിൽപക്ഷേ വാർദ്ധക്യമവരെ നയിക്കുന്നു

## സംസ്ഥാനതല വിജയികൾ





യക്ഷഗാനം ഉറുദു സംഘഗാനം പ്രഭാഷണം സംസ്കൃതം






ടീച്ചിംഗ് എയ്ഡ്(ഗണിതം) സ്മിതാനന്ദ് വർക്കിംഗ് മോഡൽ (സോഷ്യൽ)

## എസ് എസ് എൽ സി വിജയോൽസവം










കേരളത്തിന്കൈത്താങ്ങ്

ലിറ്റിൽ കൈറ്റ് സബ്ജില്ലാ ക്യമ്പ്







# നന്ദി

ഇ-മാഗസിൻ പണിപ്പുര ധന്യമായി തീർന്നിരിക്കുന്നു

ഇതിന്റെ സൃഷ്ടിക്കു പിറകിൽ ഞങ്ങൾക്ക് കൂട്ടായി നിന്ന എല്ലാ സുമനസ്സുകളെയും നന്ദിയോടെ സ്മരിക്കുന്നു

ഡിജിറ്റൽ മാഗസിൻ എന്ന ആശയം മുന്നോട്ട് വെച്ച കൈറ്റിന് ഞങ്ങൾ ആദ്യമേ നന്ദി പറയട്ടെ

സൃഷ്ടികൾ തന്നു സഹായിച്ച അധ്യാപകർ ,കൂട്ടുകാർ

ഇതിനുവേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകിയ കൈറ്റ് മാസ്റ്റർ പവിത്രൻസാർ ,മിസ്ട്രസ് ഷീജ ടീച്ചർ

സ്കൂൾ എസ്ഐ ടി സി മനോജ് സാർ ,

വിദ്യാരംഗം കൺവീനർ ശ്രീവത്സൻ സർ ,

ഹെഡ്മാസ്റ്റർ സുധീന്ദ്രൻ സാർ ,

എല്ലാവരോടുമുള്ള നന്ദി ഹൃദയത്തിൽ സൂക്ഷിക്കുന്നു

എഡിറ്റോറിയൽ ബോർഡ്